# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/944/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഇ-മെയിൽ വഴി)
2)ജോയന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-7/944/2024 തീയ്യതി: 09/12/2024

**കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 11-11-2024 | 16-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-11-2024 | 16-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1) ശ്രീ.ജയാനന്ദ.എച്ച്, ഓഡിറ്റ് ഓഫീസർ
2) ശ്രീ.വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ
3) ശ്രീ.ബാബു.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4)ശ്രീ.കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
5)ശ്രീ.ജനാർദ്ദനൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ.സിജി മാത്യൂ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.മൃദുല.കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| ശ്രീ.ബാബുരാജ് കൊയിലേരിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 25-05-2023 |
| ശ്രീ.ഉമേഷ്.എൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26-05-2023 | 14-02-2024 |
| ശ്രീ.രാജേഷ്.ബി.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15-02-2024 | 31-03-2024 |
| ശ്രീ.ജയരാജൻ.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ.ഗിരീഷ്.ബി | അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 01-04-2023 | 14-06-2023 |
| ശ്രീമതി.നികിത.ജെ | അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 15-06-2023 | 04-08-2023 |
| ശ്രീമതി.സുധ എസ് | അസിസ്റ്റന്റ് ഡയറക്ടർ,കൃഷി | 05-08-2023 | 31-03-2024 |
| ശ്രീമതി.ലതിക പത്രവളപ്പിൽ | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ഷമീമ തൻവീർ.എ.എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മുളിയാർ | 01-04-2023 | 31-03-2024 |
| ഡോ.കൃപേഷ്,എം.വി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ബേഡഡുക്ക | 01-04-2023 | 31-03-2024 |
| ശ്രീമതി.ധനലക്ഷ്മി.എം | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2023 | 01-08-2023 |
| | | | |

| | | | |
|---|---|---|---|
| ശ്രീ.വീരേന്ദ്രകുമാർ.കെ | പട്ടികവർഗ്ഗ വികസന ഓഫീസർ | 02-08-2023 | 31-03-2024 |
| ശ്രീ.സത്യചന്ദ്രൻ.പി.എം | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ശാലിനി.കെ | ക്ഷീരവികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ.ഉമേഷ്.കെ | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഗ്രാന്റ് ചെലവുകൾ -വാർഷികകണക്കും എ.സി.ആറും പൊരുത്തപ്പെടുന്നില്ല, വ്യത്യാസം വിശദീകരിച്ചില്ല. | 1-1-4 |
| 6 | ബാധ്യതകളുടെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-1-5 |
| 7 | വാർഷിക ധനകാര്യ പത്രികയിൽ I-6 ഉം സുലേഖ ചെലവ് പത്രികയും തമ്മിൽ ചെലവിൽ വ്യത്യാസം | 1-1-6 |
| 8 | ഡെപ്പോസിറ്റ് രജിസ്റ്റർ - പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. | 1-1-7 |
| 9 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ട് വിവരങ്ങൾ - ഹാജരാക്കേണ്ടതാണ്. | 1-1-9 |
| 11 | എൻ.ആർ.ഇ.ജി.എ തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | വാടക ഇനത്തിലെ കുടിശ്ശിക തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം-2023-24 | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | ഷോപ്പിങ്ങ് കോംപ്ലക്സ് വാടക രജിസ്റ്ററിലെ അപാകത | 1-9 |
| 21 | നെൽകൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-10 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-11 |
| 23 | ഇടെണ്ടർ- ബിഡ് സബ്മിഷൻ ഫീസ് തുക പഞ്ചായത്തിന് കൈമാറേണ്ടതാണ് | 1-12 |
| 24 | പൊവ്വലിലെ അപ്പാരൽ പാർക്കിൽ കുടിവെള്ള സംവിധാനം - പൊതു കുളത്തിൽ തുറന്ന കിണർ കുഴിക്കൽ - മൺപണിയുടെ അളവിൽ പിശക് - നഷ്ടം | 1-13 |
| 25 | പൊവ്വലിലെ കുട്ടികളുടെ പാർക്ക് നിർമാണം - പ്രോജക്ട് പൂർത്തിയായിട്ടില്ല | 1-14 |

| | | |
|---|---|---|
| 26 | പണി പൂർത്തീകരിച്ചിട്ടും ടെയ്ക്ക് എ ബ്രേക്ക് കെട്ടിടം തുറന്നു കൊടുത്തിട്ടില്ല. | 1-15 |
| 27 | എച്ച്.എം.സി - വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-16 |
| 28 | പി.എം.എ.വൈ. ഭവന നിർമ്മാണം - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക് ലഭ്യമാക്കിയിട്ടില്ല | 1-17 |
| 29 | വനിതാ സ്വയം സഹായ സംഘങ്ങൾക്ക് സബ്സിഡി - അനുബന്ധ രേഖകൾ  ലഭ്യമാക്കുന്നത് | 1-18 |
| 30 | ഫുഡ് പ്രോസ്സസിങ്ങ് യൂണിറ്റ് - അനുബന്ധ രേഖകൾ ലഭ്യമാക്കുന്നത് | 1-19 |
| 31 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല | 1-20 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പൊവ്വലിലെ അപ്പാരൽ  പാർക്കിൽ  കുടിവെള്ള സംവിധാനം- പൊതു കുളത്തിൽ  തുറന്ന കിണർ  കുഴിക്കൽ- മൺപണിയുടെ അളവിൽ  പിശക്- നഷ്ടം | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ  അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ  അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ  ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ്. | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവ പ്രകാരവും, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01/06/2024 ലെ 4/നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 06.06.24 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24ലെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| കാസറഗോഡ്<br>09.12.2024 | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് |

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല.

ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

**1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (3) പ്രകാരം സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

**1-1-3 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase/ Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയ തുകയും (2,83,121 /-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+ Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (18,45,895/-) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-4 ഗ്രാന്റ് ചെലവുകൾ -വാർഷികകണക്കും എ.സി.ആറും പൊരുത്തപ്പെടുന്നില്ല, വ്യത്യാസം വിശദീകരിച്ചില്ല.**

എ). വികസനഫണ്ട് ജനറൽ

| | എ.സി.ആർ | വാർഷിക കണക്ക് | വ്യത്യാസം |
|---|---|---|---|
| ചെലവ് | 2,02,73,546 | 1,90,44,822 | 12,28,724 |

ബി). വികസനഫണ്ട് എസ്.സി.പി

| | എ.സി.ആർ | വാർഷിക കണക്ക് | വ്യത്യാസം |
|---|---|---|---|
| ചെലവ് | 69,85,061 | 64,60,388 | 5,24,673 |

**1-1-5 ബാധ്യതകളുടെ വിശദവിവരങ്ങൾ ഹാജരാക്കിയിട്ടില്ല**

1. ഷെഡ്യൂൾB4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 320100110 | Centrally Sponsored Scheme- Indira Awas Yojana (IAY) - General | 3,32,631 | തുകയുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. |
| 320200301 | Grants,Funds&Contributions For Specific Purposes - Other Than Development Fund And State Sponsored | 31,000 | |
| 320200399 | Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored | 35,93,979 | |
| 320100199 | Centrally Sponsored Schemes- Grants, Funds & Contributions For Specific Purposes - Central Government | 59,051 | |
| 350200301 | Recoveries Payable - COVID | 1,13,800 | |

**2. B-9ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.**

| | | | |
|---|---|---|---|
| 350800299 | Other Liabilities | 2,61,494 | ബാദ്ധ്യതാ തുകയുടെ വിശദാംശങ്ങൾ, തുക ഏതു ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരങ്ങൾ ഇവ ലഭ്യമാക്കേണ്ടതാണ്. |
| 350800199 | Other Creditors | 1,06,76,040 | |
| 350409901 | Refunds Payable – Others | 2,29,483 | |

**1-1-6 വാർഷിക ധനകാര്യ പത്രികയിൽ I-6 ഉം സുലേഖ ചെലവ് പത്രികയും തമ്മിൽ ചെലവിൽ വ്യത്യാസം**

വാർഷിക ധനകാര്യ പത്രിക പ്രകാരം Contribution Towards Joint Venture Projects From Grama Panchayatsൽ ചെലവ് 37,88,892/-രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ചെലവ് 39,84,467-രൂപയാണ്. 1,95,575 രൂപയുടെ വ്യത്യാസം കാണുന്നു.

**1-1-7 ഡെപ്പോസിറ്റ് രജിസ്റ്റർ - പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.**

വാർഷിക ധനകാര്യപത്രികയിലെ ബി.7-ഷെഡ്യൂൾ പ്രകാരം വിവിധ ശീർഷകങ്ങളിലായി 2,05,714 രൂപ ബാധ്യത ഉണ്ട്. ഓരോയിനത്തിലും ബാദ്ധ്യതയുള്ള തുകകൾ നിക്ഷേപിച്ചിട്ടുള്ളവരുടെ പേരുവിവരം, നിക്ഷേപ തീയതി തുടങ്ങിയവ ഉൾപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല.

**1-1-8 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദവിവരം ലഭ്യമല്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലായി നൽകിയിട്ടുള്ള മുൻകൂറുകളിൽ ₹26,00,642/-ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. ഓരോ ഇനത്തിലും ആർക്കെല്ലാമാണ് മുൻകൂർ നൽകിയിട്ടുള്ളതെന്നും എത്ര തുക വീതമാണെന്നും രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-1-9 ബാങ്ക് അക്കൗണ്ട് വിവരങ്ങൾ - ഹാജരാക്കേണ്ടതാണ്.**

ബ്ലോക്ക് പഞ്ചായത്ത് വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ 40(b) ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് പൂജ്യമായി ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷനുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

1)Treasury - Own Fund-VPFA-I/BPFA -I/DPFA-I
2)Treasury TSB A/C
3)Treasury Account - COVID
4)Nationalised Bank - Special Funds_2
5)Syndicate Bank IWMP37418
6)Special Fund 4 Corporation Bank
7)KeralaGraminBank-IAY-ADMN-3704
8)KGB SIGS 3962
9)Bedadka FSCB IAY-LOAN
10)Kuttikol SCB-IAYLOAN 5696
11)Treasury - TSB NABARD 0057
12)DT Kasaragod-Joint Venture (A/C.0187)
13)Treasury - Special Funds_9
14)Syndicate-IAY CENTRAL
15)SYNDICATE BANK_SGSY
16)CANARA BANK (Old Syndcate)-MGNREGA-12972

17)KGBankTSC-0556

18)KGBANK TSC IEC-3725

**1-1-10 എൻ.ആർ.ഇ.ജി.എ തുക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.**

2023-24 സാമ്പത്തിക വർഷം എൻ.ആർ.ഇ.ജി.എ അക്കൗണ്ടിൽ (കാനറ ബാങ്ക് - 42142200112972) ചുവടെ പറയും പ്രകാരം മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ധനകാര്യപത്രികയിലെ ബി-4 (320100101-Centrally Sponsored Scheme-Mahatma Gandhi National Rural Employment Guarantee Act Scheme (NREGA), ബി-17 എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 8,02,054.13 | 12,77,249 | 20,79,303.13 | 20,79,303 | 0.13 |

**1-1-11 വാടക ഇനത്തിലെ കുടിശ്ശിക തുകയുടെ വിശദാംശം ലഭ്യമല്ല**

2023-24 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ വാടക ഇനത്തിൽ കുടിശ്ശികയായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലനിൽക്കുന്ന തുക |
|---|---|---|
| 1 | 431400101, ബിൽഡിംഗ് വാടക (തൻ വർഷം) | 116500 |
| 2 | 431400102, ബിൽഡിംഗ് വാടക (കുടിശ്ശിക) | 11375 |
| ആകെ തുക | | 1,27,875/- |

വാടക രജിസ്റ്ററിൽ മേൽ തുകകൾ സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സാമ്പത്തിക വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംബന്ധിച്ച പത്രികയും തയ്യാറാക്കിയിട്ടില്ല. ആയതിനാൽ കുടിശ്ശിക ഇനത്തിലെ തുക ഏതെല്ലാം കെട്ടിടങ്ങളിൽ നിന്നും ലഭിക്കേണ്ടതാണെന്ന വിശദാംശം രജിസ്റ്ററിൽ നിന്നും വ്യക്തമല്ല.

**1-2 ബജറ്റ്**

2023-24വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1 ; തിയതി 09.03.2023 | 1 ; തിയതി 09.02.2024 |
| മുന്നിരിപ്പ് | 23,27,915 | 37,30,621 |
| വരവ് | 50,81,09,400 | 47,78,74,308 |
| ആകെ | 51,04,37,315 | 48,16,04,929 |
| ചെലവ് | 50,66,10,100 | 47,88,79,555 |
| നീക്കിയിരിപ്പ് | 38,27,215 | 27,25,374 |

**1-3 സാമ്പത്തിക വിശകലനം**

വാർഷിക ധനകാര്യ പത്രികയിലെ രസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 2,46,12,206 |
| വരവ് | 6,25,73,206 |
| ആകെ | 8,71,85,412 |
| ചെലവ് | 6,22,90,085 |

| | |
|---|---|
| നീക്കിയിരിപ്പ് | 2,48,95,327 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,58,70,000 | 2,58,70,000 | 1,90,44,822 | | 68,25,178 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,04,79,000 | 1,04,79,000 | 64,60,388 | - | 40,18,612 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 93,46,000 | 93,46,000 | 59,70,352 | - | 33,75,648 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 58,60,000 | 58,60,000 | 58,59,985 | - | 15 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് Bank | 3,45,523 | 45,37,708 | 48,83,231 | 31,48,802 | 17,34,429 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)- Bank | 69,76,825 | 32,12,500 | 1,01,89,325 | 35,13,718 | 66,75,607 | - |
| സംയുക്ത പദ്ധതി(ജില്ലാ പഞ്ചായത്ത് ) | 43,80,361 | 29,22,970 | 73,03,331 | 29,22,970 | 43,80,361 | - |
| സംയുക്ത പദ്ധതി (ഗ്രാമ പഞ്ചായത്ത്) | 44,35,742 | 37,88,892 | 82,24,634 | 37,88,892 | 44,35,742 | |
| തൊഴിലുറപ്പ് പദ്ധതി | 8,02,054.13 | 12,77,249 | 20,79,303.13 | 20,79,303 | 0.13 | - |
| Centrally Sponsored Scheme- IndiraAwas Yojana (IAY) -General | 0 | 5,02,341 | 5,02,341 | 1,69,710 | 3,32,631 | - |
| Centrally Sponsored Scheme- Integrated Watershed Management Programme (IWMP) | 4000 | 0 | 4000 | 0 | 4000 | - |
| Centrally Sponsored Schemes- Grants, Funds &Contributions For Specific Purposes - Central Government | 0 | 59,051 | 59,051 | 0 | 59,051 | - |
| Grants, Funds & Contributions For Specific Purposes – Other Central Government Grants – Other Grants | 22,25,827 | 47,889 | 22,73,716 | 13,37,905 | 9,35,811 | - |
| Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsore | 31,000 | 0 | 31,000 | 0 | 31,000 | - |
| Recoveries Payable – COVID | 1,13,800 | 0 | 1,13,800 | 0 | 1,13,800 | |

| Beneficiary Contributions | 20,000 | 0 | 20,000 | 19,600 | 400 | |
|---|---|---|---|---|---|---|

*കുറിപ്പ് :-1) സുലേഖ ചെലവ് പത്രികയിൽ -സംയുക്ത പദ്ധതി ഗ്രാമ പഞ്ചായത്ത് ചെലവ് 39,84,467/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ RP-7 (160300103)-Contribution Towards Joint Venture Projects From Grama Panchayatsൽ ചെലവ് 37,88,892/-രൂപയാണ്. 1,95,575 രൂപയുടെ വ്യത്യാസം കാണുന്നു. ഈ തുക സുലേഖ ചെലവ് പത്രികയിൽ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.
2) മേൽ പട്ടികയിൽ മുന്നിരിപ്പ്-വരവ്-ചെലവ്-നീക്കിയിരിപ്പ് വിവരം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല, ആയതുകൊണ്ട് B-4 ന്റെ വിവരങ്ങൾ മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം-2023-24

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 117315454 | 80 | 53028442 | 0 | 37 | 68.37 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 26 | 47165268 | 20 | 22396676 | 47.48 |
| 2 | അസി.എക്സി.എഞ്ചിനിയർ | 2 | 7850000 | 1 | 149275 | 1.90 |
| 3 | അസി.എഞ്ചിനിയർ | 60 | 36768082 | 33 | 11906516 | 32.38 |
| 4 | ശിശു വികസന പദ്ധതി ഓഫീസർ | 4 | 2100000 | 4 | 2003533 | 95.40 |
| 5 | പട്ടികജാതി വികസന ഓഫീസർ | 1 | 1400000 | 1 | 790000 | 56.42 |
| 6 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | 16 | 16753752 | 14 | 11320531 | 67.57 |
| 7 | പട്ടികവർഗ്ഗ വികസന ഓഫീസർ | 1 | 1200000 | 1 | 940000 | 78.33 |
| 8 | വ്യവസായ വികസന ഓഫീസർ | 4 | 1600000 | 3 | 1050000 | 65.62 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2020000 | 2 | 2014219 | 99.71 |
| 10 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | 1 | 458352 | 1 | 457692 | 99.85 |
| | ആകെ | 117 | 117315454 | 80 | 53028442 | 45.20 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 8,02,054.13 | 12,77,249 | 20,79,303.13 | 20,79,303 | 0.13 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2024ന് 3. PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ്/ നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം 11 തവണ ജീവനക്കാരുടെ യോഗം ചേർന്നിട്ടുണ്ട്, ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്.

2) നിലവിൽ ഭരണ സമിതി മിനിട്സും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സുകളും സകർമ്മാ സോഫ്റ്റ് വെയറിലാണ് സൂക്ഷിക്കുന്നത്. സകർമ്മ ആപ്ലിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി യോഗ മിനിട്സ് പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ഓഡിറ്റ് വർഷം ഭരണസമിതി 17 തവണ യോഗം ചേർന്നിട്ടുണ്ട്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണയും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 15 തവണയും, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി 16 തവണയും യോഗം ചേർന്നിട്ടുണ്ട്. ഇതിനു പുറമേ ഒരു തവണ വിവിധ വർക്കിങ് ഗ്രൂപ്പുകളുടെ യോഗം ചേർന്നിട്ടുണ്ട്.

4) ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് സമിതി ഒരു തവണ (03.08.2023) യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടത്തേണ്ട സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി, കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയല്ല വാങ്ങൽ നടപടികൾ നടത്തുന്നത്. സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) സ്ഥാപനത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ഇക്കാരണത്താൽ വിവിധ നിക്ഷേപ തുകയുടെ വിനിയോഗ വിവരങ്ങളും ക്രമീകരണ വിവരങ്ങളും നിരീക്ഷിക്കൽ സ്ഥാപനത്തിലെ ജീവനക്കാർക്ക് പോലും ശ്രമകരമാണ്.

6) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

7) വരവ്-ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് തുക

ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

8) തനതു വരുമാനസ്രോതസായ വാടക കൃത്യമായി പിരിച്ചെടുക്കുന്നില്ല. കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാനും, പദ്ധതി നടത്തിപ്പ് പുരോഗതി നിശ്ചിത ഇടവേളകളിൽ വിലയിരുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണം മൂലം പല പദ്ധതികളുടേയും ബില്ലുകൾ മാറാൻ സാധിക്കാത്തതിനാൽ പദ്ധതി ചെലവ് ശതമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

10) വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവ്വഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്.

11) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധ നൽകേണ്ടതാണ്.

12) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ഷോപ്പിങ് കോംപ്ലക്സ് വാടക രജിസ്റ്ററിലെ അപാകത

വാടക രജിസ്റ്ററുമായി ബന്ധപ്പെട്ട പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

1).വാടക രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ പലയിടങ്ങളിലായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 9 കടമുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. രേഖകൾ അപൂർണ്ണമായതിനാൽ കടമുറി നം./ പഞ്ചായത്ത്/ വാർഡ്, ലേലം കൊണ്ട വ്യക്തിയുടെ പേര്, മേൽവിലാസം, കടമുറിയിൽ നടത്തപ്പെടുന്ന സ്ഥാപനം, അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നീ വിവരങ്ങൾ വാടക രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

2).വാടക കരാറുകൾ ചമച്ചിട്ടുണ്ടെങ്കിലും കരാർ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല. വാർഷിക വർദ്ധനവ് സംബന്ധിച്ച വിവരങ്ങളും വ്യക്തമല്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 256 -ബൈലോകളും അവയുടെ ലംഘനത്തിനുള്ള ശിക്ഷകളും- പ്രകാരം ആക്ടിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ബൈലോകൾ ഉണ്ടാക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3).വാടക ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയത് അപൂർണ്ണമാണ്.

4).വാടക രജിസ്റ്ററിൽ തൻവർഷ വാടക, വാടക കുടിശ്ശിക വിവരങ്ങൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 2023-24 വാർഷിക ധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം ലഭിക്കാനുള്ള തൻവർഷ വാടക കുടിശ്ശിക ₹.1,16,500രൂപയും മുൻകുടിശ്ശിക ₹ 11,375രൂപയും ആണ്. കുടിശ്ശിക തുകയായ ₹.1,16,500- ഉം, ₹.11,375- ഉം ഈടാക്കുന്നതിനായി നാളിതു വരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കിയിട്ടില്ല. വാടക കളക്ഷൻ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും വാടക വരവ് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾക്ക് വ്യക്തത ഇല്ലാത്തതിനാലും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചില്ല. മേൽ അപാകതകൾ പരിഹരിച്ച് വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.05/24 തീയതി 14-11-2024)

### 1-10 നെൽകൃഷിക്ക് കൂലി ചെലവ് - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| പ്രോജക്ട് നം. | 29/24 |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലി ചെലവ് |
| അടങ്കൽ | 4,58,352 - വികസന ഫണ്ട് (ജനറൽ ) |
| ചെലവ് തുക | 4,57,692- വികസന ഫണ്ട് (ജനറൽ ) |

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കിയ നെൽകൃഷിക്ക് കൂലി ചെലവ് (പ്രൊജക്ട് നമ്പർ.29/24) എന്ന പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം വികസന ഫണ്ടിൽ (ജനറൽ) നിന്നും 4,57,692/- രൂപ പിൻവലിച്ച് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷി ചെയ്ത കർഷകർക്ക് കൂലിച്ചെലവ് നൽകുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ബിൽ നമ്പർ / തീയ്യതി | തുക | ഗ്രാമ പഞ്ചായത്ത് |
|---|---|---|---|
| 1 | 366/ 28.02.2024 | 2820 | കാറഡുക്ക ഗ്രാമപഞ്ചായത്ത് |
| 2 | 367/28.02.2024 | 26604 | കാറഡുക്ക ഗ്രാമപഞ്ചായത്ത് |
| 3 | 211/01-12-2023 | 72936 | ബെള്ളൂർ ഗ്രാമപഞ്ചായത്ത് |
| 4 | 210/01-12-2023 | 120936 | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് |
| 5 | 166/01-11-2023 | 1,20,000 | ദേലമ്പാടി ഗ്രാമപഞ്ചായത്ത് |
| 6 | 167/01-11-2023 | 90,000 | കുമ്പഡാജെ ഗ്രാമപഞ്ചായത്ത് |
| 7 | 158/21-10-2023 | 24396 | കാറഡുക്ക ഗ്രാമപഞ്ചായത്ത് |
| ആകെ | | 4,57,692 | |

മേൽ പട്ടികയിലെ ഗ്രാമപഞ്ചായത്തുകൾ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുകയായ 4,57,692 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി നം.07/24 തീയതി 14-11-2024)

### 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടിക ജാതി വികസന ഓഫീസർ, |
| പ്രോജക്ട് നം. | 133/24 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 14,00,000 – വികസന ഫണ്ട് -എസ്.സി. പി |
| ചെലവ് തുക | 7,90,000– വികസന ഫണ്ട് -എസ്.സി. പി |
| ബിൽ റഫറൻസ് നമ്പർ, തീയ്യതി | 23200163009300833879 / 23.11.2023, Rs.1,50,000 |
| | 23200163009300854938 / 28.11.2023, Rs.60,000 |
| | 23200163009301051359 / 10.01.2024, Rs.60,000 |
| | 23200163009301114040 / 24.01.2024, Rs.60,000 |

| | |
|---|---|
| | 23200163009301251686 / 21.02.2024, Rs.60,000 |
| | 23200163009301251695/ 21.02.2024, Rs.80,000 |
| | 23200163009301251701 / 21.02.2024, Rs.80,000 |
| | 23200163009301282546 / 27.02.2024, Rs.60,000 |
| | 23200163009301423643 / 21.03.2024, Rs.1,20,000 |
| | 23200163009301458330/23.03.2024, Rs.60,000 |

പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പഠനമുറി നിർമ്മാണം പ്രോജക്ടുമായി ബന്ധപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

എസ്.സി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2,00,000/- രൂപ സബ്സിഡി നൽകുന്നതാണ് മേൽ പദ്ധതി. പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തീയ്യതി. |
|---|---|---|---|
| 1 | അശോക, S/O ബാബു<br>മച്ചാവു, കുമ്പഡാജെ | 30,000/- | 23.11.2023 |
| | | 60000 | 27.02.2024 |
| | | 80000 | 12-06-2024 |
| 2 | ജയലക്ഷ്മി, W/O ഗോവിന്ദന്<br>മുതലപ്പാറ, മുളിയാർ | 30,000 | 23-11-2023 |
| | | 60,000 | 21-02-2024 |
| | | 80,000 | 12-06-2024 |
| 3 | ലക്ഷ്മി, W/O മണി<br>കുണ്ടടുക്കം, കാറഡുക്ക | 30,000 | 23-11-2024 |
| | | 60,000 | 21-03-2024 |
| | | 80,000 | 12-06-2024 |
| 4 | നാരായണൻ ബി, S/O അക്കമ്മ<br>കോപ്പാളംമൂല, ബന്തടുക്ക | 30,000 | 23-11-2023 |
| | | 60,000 | 21-03-2024 |
| | | 80,000 | 12-06-2024 |
| 5 | സവിത, W/O സോമപ്പ<br>എടപ്പാടി, മവ്വാർ | 30,000 | 28-11-2023 |
| | | 60,000 | 24-01-2024 |
| | | 80,000 | 21-02-2024 |
| 6 | ആനന്ദ, S/O ചനിയ<br>ഉജ്രെക്കല്ല്, നെട്ടണിഗെ | 30,000 | 28-11-2023 |
| | | 60,000 | 25-01-2024 |
| | | 80,000 | 21-02-2024 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് പഠനമുറി പൂർത്തിയാക്കുമെന്ന് മറുപടി നല്കിയിട്ടുണ്ട്. പഠനമുറി പൂർത്തീകരണം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.06/24 തീയതി 14-11-2024

## 1-12 ഇടെണ്ടർ- ബിഡ് സബ്മിഷൻ ഫീസ് തുക പഞ്ചായത്തിന് കൈമാറേണ്ടതാണ്

2015 മുതൽ 2019 വരെയുള്ള കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് നടത്തിയ ഇടെണ്ടറുകളിൽ ബിഡ്ഡർമാർ ഓൺലൈൻ ആയി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് കാസറഗോഡ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലായിരുന്നു വരവു വന്നിരുന്നത്. ഈ തുക കണക്കാക്കി 5,94,354 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ട് നമ്പർ 38582828869 ലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. 2019 മുതൽ നടത്തുന്ന

ഇടെണ്ടറുകൾക്കായി മാപ്പ് ചെയ്തിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ട് നമ്പർ 38582828869 ആണ്. ഈ അക്കൌണ്ടിൽ 07.08.2023 വരെ വരവു വന്ന 1,18,646 രൂപ കൂടി ചേർത്ത് 7,13,000 രൂപ 07.08.2023 ലെ ചെക്ക് നമ്പർ 447928 മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

07.08.2023 ന് ശേഷം നാളിതു വരെ നടത്തിയ ഇടെണ്ടറുകളിൽ വരവു വന്ന ബിഡ് സമർപ്പണ ഫീസ് കണക്കാക്കി ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഓഡിറ്റ് എൻക്വയറി നം. 14,തിയതി 15.11.2024)**

## 1-13 പൊവ്വലിലെ അപ്പാരൽ പാർക്കിൽ കുടിവെള്ള സംവിധാനം - പൊതു കുളത്തിൽ തുറന്ന കിണർ കുഴിക്കൽ -മൺപണിയുടെ അളവിൽ പിശക് - നഷ്ടം

| | |
|---|---|
| പ്രോജക്ട് | നം.109/24-പൊവ്വലിലെ അപ്പാരൽ പാർക്കിൽ കുടിവെള്ള സംവിധാനം - പൊതു കുളത്തിൽ തുറന്ന കിണർ കുഴിക്കൽ |
| കരാറുകാരൻ | ഷംസീർ.ബി.എം (എസ്റ്റിമേറ്റ് നിരക്ക്) |
| ചെലവ് | 3,13,748 രൂപ (XVFC/23-24/P/5, തിയതി 18.08.2023)- ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| പ്രൈസ് ഫയൽ നം | 20192/2023 |

പൊവ്വൽ അപ്പാരൽ പാർക്കിന് പുറക് വശത്ത് നിലവിലുള്ള പൊതു കുളത്തിനുള്ളിൽ ഒരു തുറന്ന കിണർ നിർമിച്ച് റിംഗ് താഴ്ത്തി കുടിവെള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ഇതിൽ ഇനം 1, 2 എന്നിവയുടെ അളവുകളിൽ പിശക് സംഭവിച്ചതിനാൽ 28,778 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.9, തിയതി 15.11.2024)

## 1-14 പൊവ്വലിലെ കുട്ടികളുടെ പാർക്ക് നിർമാണം - പ്രോജക്ട് പൂർത്തിയായിട്ടില്ല

മുളിയാർ ഗ്രാമപഞ്ചായത്തിലെ പൊവ്വലിൽ വനിതാ തൊഴിൽ അപ്പാരൽ പാർക്കിനു പുറകു വശത്ത് പൊതു കുളത്തോട് ചേർന്നുള്ള കാടു പിടിച്ച സ്ഥലം നിരപ്പാക്കി കുട്ടികൾക്കായി പാർക്കും അതിനോട് ചേർന്ന് ചെറിയ ഒരു കോഫീ ഷോപ്പും നിർമിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 7.5 ലക്ഷം രൂപ വകയിരുത്തി ഒരു പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. (പ്രോജക്ട് നം.103). പാർക്കും കോഫീ ഷോപ്പും നിർമിക്കുന്നതിനും ഊഞ്ഞാൽ സ്ഥാപിക്കുന്ന സ്ഥലത്ത് പൂഴി നിറയ്ക്കുന്നതിനുമായി 2.96 ലക്ഷം രൂപയും കളിയുപകരണങ്ങൾ മറ്റ് ഏജൻസികൾ വഴി സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപയും വൈദ്യുതീകരണത്തിന് 1 ലക്ഷം രൂപയും എസ്റ്റിമേറ്റ് പ്രകാരം വകയിരുത്തിയിട്ടുണ്ട്.

പാർക്കും കോഫീ ഷോപ്പും നിർമിക്കുന്ന പ്രവൃത്തിയും ഊഞ്ഞാൽ സ്ഥാപിക്കുന്ന സ്ഥലത്ത് പൂഴി നിറയ്ക്കുന്ന പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും കരാറുകാരനായ ശ്രീ.ഷംസീർ ബി.എം 23.02.2023 ലെ 23/AE/LSGD/Kdk/22-23 നമ്പർ കരാർ പ്രകാരം പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. 02.03.2023 ന് പ്രവൃത്തി ആരംഭിച്ച കരാറുകാരൻ 18.03.2024 ന് പൂഴി നിറയ്ക്കുന്ന പ്രവൃത്തി, ചെടിച്ചട്ടികൾ സ്ഥാപിക്കുന്ന പ്രവൃത്തി, ചെറുചെടികൾ, മരങ്ങൾ തുടങ്ങിയവയും ഗാർഡൻ പുല്ല് നട്ടു പിടിപ്പിക്കുന്ന പ്രവൃത്തിയും ഒഴികെ മറ്റു പ്രവൃത്തികൾ പൂർത്തിയാക്കിയതിനെത്തുടർന്ന് 24.03.2024 ലെ BRN 23200163010501481088 പ്രകാരം 2,39,243 രൂപയുടെ ഫൈനൽ ബില്ല് കരാറുകാരന് നൽകിയിട്ടുണ്ട്.

എ) 18.03.2024 ന് പൂർത്തീകരിച്ച മേൽ പ്രവൃത്തികൾ അല്ലാതെ പ്രോജക്ടിൽ മറ്റു തുടർ പ്രവൃത്തികൾ ഒന്നും തന്നെ ഓഡിറ്റ് തിയതിയിലും ചെയ്തിട്ടില്ല. കളിയുപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തിയും വൈദ്യുതീകരണ പ്രവൃത്തികളും ചെയ്ത് പ്രോജക്ട് പൂർണമായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടില്ല.

ബി) പൂഴി നിറയ്ക്കുന്ന പ്രവൃത്തി, ചെടിച്ചട്ടികൾ സ്ഥാപിക്കുന്ന പ്രവൃത്തി, ചെറുചെടികൾ, മരങ്ങൾ

തുടങ്ങിയവയും ഗാർഡൻ പുല്ല് നട്ടു പിടിപ്പിക്കുന്ന പ്രവൃത്തി എന്നിവ കരാറുകാരൻ ചെയ്തിട്ടില്ല. എന്നിരുന്നാലും മേൽ വിവരിച്ച പ്രകാരം അന്തിമ ബിൽ ആണ് കരാറുകാരന് നൽകിയിട്ടുള്ളത്. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12.10.2023 ലെ 2(2) നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിനും പൂർത്തീകരണ കാലയളവ് 30.11.2023 വരെ നീട്ടി നൽകാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരിഷ്കരിച്ച എസ്റ്റിമേറ്റ് ഫയലിൽ ഇല്ല. പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ അന്തിമ ബിൽ നൽകിയതിന് കാരണങ്ങൾ വ്യക്തമല്ല.

സി) കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12.10.2023 ലെ 2(2) നമ്പർ തീരുമാന പ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിനും പൂർത്തീകരണ കാലയളവ് 30.11.2023 വരെ നീട്ടി നൽകാനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 18.03.2024 നാണ്. കാലതാമസത്തിനുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിക്കാണുന്നില്ല. പൂരക കരാറുകൾ ചമച്ചതായും കാണുന്നില്ല.

